

# വൈഖരി



## Digital Magazine



Magazine by,

Little Kites GHSS. Poovathoor

# ആമുഖം



**ഒരു സാഹിത്യസൃഷ്ടി ഒരു ഭാഷയിൽ എഴുതപ്പെടുന്നുവെങ്കിലും എഴുതിത്തീരുന്നതോടെ അത് ഭാഷകൾക്കുപരി, മാനവ ഭാഷയിലേക്ക് ഉയർത്തപ്പെടുന്നു. നിരവധി മാനങ്ങളെ പുറത്തുകൊണ്ടുവരാൻ മനുഷ്യനെ അവൻ സ്വയം പൂട്ടിയിട്ടുള്ള തടവറകളിൽ നിന്ന് വെളിയിൽ കൊണ്ടുവരാനുള്ള കഴിവ് സാഹിത്യത്തിൻേറതാണ്. ഏതു രീതിയിലായാലും മറ്റൊന്നിലും കഴിയാത്ത ഈ ധർമ്മം അത് നിർവഹിച്ചു കൊണ്ടിരിക്കുക തന്നെ വേണം. അതിനാൽ ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിങ്ങൾക്കു മുമ്പിൽ ഒരു ഡിജിറ്റൽ മാഗസീൻ സമർപ്പിക്കുന്നു...**

# GHSS. POOVATHOOR




***GHSS. Poovathoor***

***Little KITES***

# ഞങ്ങൾ കൈറ്റ്സ്




# 2019-21

ഉള്ളടക്കം

........................................................................
എൻെറ സ്വപ്നം.............................................06
പ്രിയ സുഹൃത്തേ.............................................08
ഓർമ്മകളിലേക്ക്.............................................10
ക്രിക്കറ്റ് ദൈവം.............................................16
കവികളും തൂലികാനാമങ്ങളും.............................................18
പൂവത്തൂർ.............................................19
വായനാശീലം കുട്ടികളിൽ.............................................21
Quotes of famous people.............................................23
Quotes of friendship.............................................25
Time and Tide Wait for no one.............................................27
Trees for life.............................................28
When Nature beckons.............................................30

# എൻെറ സ്വപ്നം




ഇരുളായ് മറഞ്ഞൊരു
ഭൂമിയിൽ ഞാൻ
സ്വയം കത്തി ജ്വലിക്കുവാൻ
മോഹിച്ച രാവുകൾ
പകലിൻെറ ഇരവാർന്ന
ശോഭയിൽ എൻ മനം
ശോഭയാലെ ഉണർന്നാടുന്ന കനവുകൾ....

പുഷ്പവാടിക്കുള്ളിൽ ഏകയായി സ്വയം
കണ്ണുനീർ വറ്റിത്തളർന്നു വീണേറ്റവും
മധുരപ്രതീക്ഷയാൽ എൻ മനം സന്തതം
പാറിപ്പറന്നുയർന്നീടുന്നു പാരിതിൽ....

സ്വപ്നമേ എന്നിൽ നീ എത്തിയില്ലെങ്കിൽ എൻ
തൃണമായ ജീവിതം ആത്മാവുപോലിതാ
പകലിൻെറ ശോഭയെൻ കണ്ണിൽ തറയ്ക്കുകിൽ
കൂരിരുട്ടിൽ ഓളം അകലേയ്ക്കു മാഞ്ഞിടും....

താതൻെറ ഈണവും മാതൃഹൃദയവും
മോഹിപ്പൂ,എൻെറ വെൺതാളങ്ങൾ

അവരെൻെറ ഹൃദയത്തിൽ വെൺതാളങ്ങൾ
കേട്ടിടാൻ
അന്ധകാരത്തിൻ ആത്മാവുപോൽ എൻ മനം....

പാതിരാക്കോഴികൾ കൂകുന്ന രാവിലെൻ
അമ്മയോ മാറോടണച്ചിടും എന്നെയും
അന്ധകാരത്തിൻെറ ഇരുളിലിന്നെൻ മനം
ഈറനാം സന്ധ്യതൻ ഈണങ്ങൾ തേടുന്നു....

സ്വപ്നമാണഖിലമെൻ ഊഴിയിൽ സാദരം
ജീവനായ്, ജീവനാം മാതൃഹൃദയത്തിനായ്
ജീവൻെറ സ്പന്ദനം പോലവേ, ജീവനിൽ
എരിയുന്നു പുകയുന്ന പായുന്നു തേങ്ങലും....

സ്വപ്നമാം സൗഭയിൽ ഏറിടാൻ കേഴുന്നു
എൻമനം സാദരം മോഹിപ്പൂ നിർണയം
അമ്മതൻ വാക്കിലെൻ ഹൃദയം തുടിയ്ക്കവേ
സ്വപ്നമോ എൻ ജീവസമർപ്പണമായിടും....


ആകാശകോണിയിൽ ഏറിയാലും ചന്ദ്രകാന്തിയെ
കൈയിൽ ഒതുക്കിയാലും
മായില്ല, മറയില്ല ചിന്തയിൽ സന്തതം
ഉണരുമെൻ സ്വപ്നമാദർപ്പണം പിന്നെയും....

# പ്രിയ സുഹൃത്തേ

മിഥുൻ.യു

IX.A

ഇനിയും തുറന്നിടാം നിനക്കായ്
പ്രിയ സുഹൃത്തേ...



ഹൃദയമാം ഇടനാഴിയിൽ
പടിവാതിലിൽ അവിടെ,

നിനക്കായി ഞാൻ സ്വരുക്കൂട്ടിയ സ്നേഹം
നിറഞ്ഞിരിപ്പൂ

എന്നെങ്കിലും ആ പടിവാതില്ക്കൽ
നീ എത്തുമെന്ന പ്രതീക്ഷയോടെ

ഏകാന്തവാതിലിൽ ഞാൻ കാത്തിരിപ്പൂ
അകലുമെന്നറിഞ്ഞിട്ടും ഞാൻ നിന്നെ
സ്നേഹിക്കുന്നു.

സ്നേഹത്തിൻ ശക്തി അതുതന്നെയല്ലോ
ഏതോ ജന്മസുകൃതം കൊണ്ടാകാം...നീ
എൻ പ്രിയ സുഹൃത്തേ...

നിന്നിലൂടെ എൻ സ്വപ്നങ്ങൾ
ഞാനറിഞ്ഞു
എന്നെ അറിഞ്ഞ പ്രിയ
സുഹൃത്തേ
എന്നിൽ നിന്നൊരിക്കലും
അകലരുതെ



എന്നെങ്കിലും...എൻ മനസ്സിൽ കൂട്ടിയ സൗഹൃദം
പൂവണിയാൻ നീ വരുമെന്ന പ്രതീക്ഷയോടെ
നിൻ സുഹൃത്ത് കാത്തിരിപ്പൂ

# ഓർമ്മകളിലേക്ക്

“അതാ വാനം കറുത്തിരുണ്ട് കാർമേഘങ്ങൾ വരുന്നു. പേമാരിയാ വരാൻ പോണേ. വരൂ, എല്ലാവരും അകത്തേക്ക് വരൂ...” എല്ലാവരും അകത്തേക്ക് കയറി, അപ്പോളതാ മീനക്കുട്ടിയമ്മയുടെ കണ്ണുകൾ നേരേ ഗൗരിയിലേക്ക് തിരിഞ്ഞു. ഗൗരി ഒരു കൊച്ചുകുട്ടിയൊന്നുമല്ല കേട്ടോ. ഗൗരി, അവളൊരു അമ്മയാണ്. ഇപ്പോൾ അവൾ അവളുടെ രണ്ടാം ബാല്യത്തിലേക്ക് കടന്നിരിക്കുകയാണ്. മീനക്കുട്ടിയമ്മ ഗൗരിയമ്മയെ ഉറക്കെവിളിച്ചു, “ഗൗരി, ഗൗരിയേ! ഇവളെന്താ വിളിക്കേൾക്കാത്തെ?”. മീനക്കുയമ്മ പടികൾ ഓരോന്നായ് ഇറങ്ങി. ഇറങ്ങുമ്പോഴൊക്കെ ഈശ്വരനെ വിളിക്കാറുണ്ടായിരുന്നു. ഇവിടെ ഗൗരിയമ്മയും, മീനക്കുട്ടിയമ്മയേയും പോലെ ഒരുപാട് ഒരുപാട് അമ്മമാർ ഉണ്ട്. ഒപ്പം അച്ഛന്മാരും . ഇതൊരു വൃദ്ധസദനമാണ്. വൃദ്ധർ മാത്രം  ഉള്ള വീട്. മീനക്കുട്ടിയമ്മ പടികൾ ഇറങ്ങുന്നത് കണ്ട് ലക്ഷ്മി ചോദിച്ചു, “എവിടേക്കാ നീ പോണേ? നിനക്ക് കാല് വയ്യാഞ്ഞതല്ലേ. നീ വന്നേ, വാർഡൻ വിളിക്യ.” മീനയമ്മ തിരിഞ്ഞു. “നീ എന്തിനാ മീന വയ്യാതെ ഇങ്ങോട്ടേക്ക്

വന്നേ? നിന്നോട് ഒരിടത്തിരിക്കാൻ ആ പത്മം പറഞ്ഞതല്ലേ. മഴ വരാൻ പോകുന്നത് കണ്ടില്ലേ. ആ ഗൗരി ഇന്നല്ലെ വന്നപ്പോളാ. ഇരിക്കട്ടെ, പാവം, അതിന് നമ്മളെപ്പോലെ മിണ്ടാനും, പറയാനും ആരേയും കിട്ടീലല്ലോ. പയ്യ പയ്യേ അവൾ നമ്മോട്, നമ്മുടെ കൂട്ടാക്കിയെടുക്കാം. ഇപ്പോൾ നീ അവളെ വിളിക്കണ്ട. പാവം അവൾ  കഴിഞ്ഞുപ്പോയ കാര്യങ്ങൾ ഓർക്കുകയായിരിക്കും. ചില സമയം, ചിലരെ ഏകാന്തതയിൽ വിടുന്നതാ നല്ലത്. നീ വാ മീനു.

ഗൗരിയമ്മ. ഈ അമ്മയാണ് നമ്മുടെ പ്രധാന കഥാപാത്രം. ഗൗരിയമ്മ ഒരു സമ്പന്ന കുടുംബത്തിലെ സ്ത്രീയല്ല എന്നാൽ പാവപ്പെട്ടവളുമല്ല. ചുരുക്കി പറഞ്ഞാൽ എടത്തരംകുടുംബത്തിലേതാ അവളെ കല്യാണം കഴിച്ചത്. അദ്ദേഹം ഒരു കർഷകനായിരുന്നു. അദ്ദേഹം ഒരു പ്രകൃതിസ്നേഹിയായിരുന്നു. എല്ലായിടങ്ങളിലും വസ്തുക്കൾ വാങ്ങി അതിൽ സ്വന്തമായി കൃഷിനടത്തുകയാണ് അദ്ദേഹം. തൻെറ തോട്ടത്തിൽ എന്ത് വന്നാലും അദ്ദേഹം അറിയും. ഇവർക്ക് രണ്ടുപേർക്കും ഒരു ആൺകുട്ടി പിറന്നു. അവൻ കൊച്ചുകുട്ടി ആയിരിക്കുമ്പോൾതന്നെ അച്ഛൻെറ കൂടെ പാടത്തും പറമ്പിലും അവൻ ഇറങ്ങുമായിരുന്നു. ഒരു  ചെറുചെടി വിത്തിൽ മുളപൊട്ടി നിൽക്കുമ്പോൾ തന്നെ ഇവൾ നിരീക്ഷിക്കുകയായിരുന്നു. അങ്ങനെ അങ്ങനെ ദിവസങ്ങൾ, മാസങ്ങൾക്കുമൊക്കെ

കടന്നുപ്പോയി. മകൻ വെളിനാട്ടിലാ ജോലി. അച്ഛന് പ്രായം കൂടിയപ്പോൾ തൻെറ ആയുസ്സിനെ എതിർത്തുനിർത്താൻ കഴിഞ്ഞില്ല. അദ്ദേഹം മരിച്ചു. അമ്മ അവരുടെ ബാല്യത്തിലേക്ക് കാക്കാനുള്ള ലക്ഷണങ്ങൾ കാണിച്ചുതുടങ്ങി. അമ്മയ്ക്ക് അച്ഛനെ വളരെ ഇഷ്ട്മായിരുന്നു. അച്ഛൻെറ ഇഷ്ടവും അനിഷ്ടവും അമ്മയ്ക്ക് അറിയാമായിരുന്നു. അച്ഛൻെറ മരണത്തിനു ശേഷം അമ്മയെ ഒറ്റയ്ക്കാക്കി പോകാൻ മകന് മനസ്സുവരുന്നില്ലായിരുന്നു. മകൻെറ കല്യാണം കഴിഞ്ഞിരുന്നു. ഭാര്യയുമായി അവൻ വെളിനാട്ടിൽ തന്നെയായിരുന്നു. അമ്മയെ കൂട്ടിക്കൊണ്ടുപോകാൻ മകൻ വന്നു. അമ്മയ്ക്ക് അവിടം വിട്ടുപോകാൻ ഒട്ടുംതന്നെ ഇഷ്ടമില്ലായിരുന്നു. മകൻ തൻെറ സ്വന്തം തീരുമാനമായിരുന്നു. അമ്മയെ കൂട്ടികൊണ്ടുപോയി കൂടെ നിർത്താൻ. എന്നാൽ ഭാര്യയെ അറിയിച്ചിരുന്നില്ല. അതവന് പറ്റിയ ഏറ്റവും ബുദ്ധിമോശപ്പെട്ട കാര്യമായിരുന്നു. അവനറിയാതെ അവളോട് ഇവൻെറ തീരുമാനങ്ങൾ പറഞ്ഞു. അവൾ പൊട്ടിത്തെറിച്ചു. അമ്മയെ നോക്കാൻ അവൾക്ക് കഴിയില്ലാന്നു പറഞ്ഞു. അമ്മ വേണമോ അതോ എന്നെ വേണമോ. അവൾ അവനെ ഭ്രാന്തുപിടിപ്പിച്ചു. അമ്മയെ നോക്കാതിരിക്കാനും, വീട്ടിൽ തനിച്ചാക്കാനും അവന് കഴിയില്ലായിരുന്നു. ഭാര്യയുടെ നിരന്തരമായ വാശി പിടിക്കാൻ അവസാനം

ഇവനെക്കൊണ്ട് അമ്മയെ വൃദ്ധസദനത്തിൽ ആക്കാനുള്ള തീരുമാനം എടുപ്പിച്ചു. അമ്മയെ അവൻ കൊണ്ടാക്കാനുള്ള പുറപ്പാടിലായിരുന്നു. അന്നവൻ തന്നെ പോറ്റുവളർത്തിയ അമ്മയെക്കാൾ അവന് പ്രിയം ഇപ്പോൾ അവൻെറ ഭാര്യയാണ്. അവൻ കാറിൽ അമ്മയെ ഇരുത്തിക്കൊണ്ട് അവൻ അമ്മയെ വൃദ്ധസദനത്തിൽ ഏൽപ്പിക്കാൻ പോകുകയാണ്. അമ്മ അവനോട് എടുത്ത്, എടുത്ത് ചോദിച്ചു, " മകനെ  നമ്മളെങ്ങോട്ടാ? നിൻെറ വീട്ടിലേക്കാണോ!" അവൻ ഒന്നും മിണ്ടിയില്ല. അമ്മ നിരന്തരം അവനോട് ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. കൂമൻെറ ശബ്ദം കേൾക്കാൻ കഴിയുമോ. അങ്ങനെ പല പല ചോദ്യങ്ങൾ. അവൻ പെട്ടെന്ന് വിങ്ങി. കണ്ണുകൾ നിറഞ്ഞു. അവൻ പതിയെ പതിയെ അവൻെറ ഓർമകളിലേക്ക് ആഴ്ന്നിറങ്ങി. തൻെറ മാറോട് ചേർത്തുറക്കുന്നതും, അമ്മയുടെ കൈകളാൽ ഭക്ഷണം വാരിക്കൊടുക്കുന്നതും, മുറിവുപറ്റുമ്പോൾ അമ്മയുടെ കണ്ണിൽനിന്നും കണ്ണീർപ്പൊഴിയുന്നതും എല്ലാം എല്ലാം അവൻ ഓർത്തു. പെട്ടെന്ന് വൃദ്ധസദനത്തിൻെറ ബോർഡ് കണ്ടപ്പോൾ അവൻ ഓർമ്മകളിൽ നിന്നും തിരിച്ചെത്തി. പിൻസീറ്റിലേക്ക് അവൻ നോക്കി. അമ്മ നല്ല ഉറക്കത്തില്ലാണ്. അവൻ അമ്മയെ നോക്കി ഇരുന്നു. പെട്ടെന്ന് അവൻ അമ്മയുടെ കാൽക്കൽ

വീണു. അമ്മ പെട്ടെന്ന് ഞെട്ടിയുണർന്നു. “അമ്മ എന്നോട് ക്ഷമിക്കണം. എനിക്ക് അമ്മയെ നോക്കാൻ കഴിയാത്തതുക്കൊണ്ടല്ല. അമ്മ, എൻെറ ഭാര്യ എനിക്ക് സമാധാനം തരുന്നില്ല.” അവർ ഒന്നുമറിയാതെ മകൻെറ മിഴികളിൽ നോക്കിനിന്നു. പെട്ടെന്ന് ആ മങ്ങിയ കണ്ണുകൾ നിറയാൻ തുടങ്ങി. മകൻെറ നീജ പ്രവർത്തി ഓർത്ത് അവർ പൊട്ടിക്കരഞ്ഞുക്കൊണ്ടിരുന്നു. അമ്മ മകനോട് പറഞ്ഞു, “മകനേ, നിനക്ക് നിൻെറ ഭാര്യയാണ് വലുതാണെങ്കിൽ നീ അവളോടൊപ്പം സന്തോഷമായി ജീവിച്ചുക്കൊള്ളൂ.” അപ്പോഴും അമ്മയുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ പൊഴിയുന്നുണ്ടായിരുന്നു. അവർ വൃദ്ധസദനത്തിലേയ്ക്ക് പോയി. തന്നെ നോക്കി അത്ഭുതത്തോടെ ഇരിക്കുന്ന ഒരുപാട് അമ്മമാരെയും അപ്പൂപ്പന്മാരെയും കണ്ടു. അവർ ആരോടും ഒന്നുംമിണ്ടാതെ അകത്തേക്ക് വാർഡർ അവരെ കൊണ്ടുപ്പോയി. അമ്മയ്ക്ക് തൻെറ മകൻെറ പ്രവർത്തിയിൽ ഒട്ടും തൃപ്തിയില്ലായിരുന്നു. "ഒരു കുട്ടികളും മാതാപിതാക്കളോട് കാണിക്കാൻ പാടില്ലാത്തതാണ് എൻെറ മകൻ എന്നോട് ചെയ്തത്.” അവർ ഇത് മൊഴിഞ്ഞുക്കൊണ്ടുതന്നെ ഇരുന്നു. പലരും അവിടെ വന്ന് അഥിതിയെ കാണാൻ എത്തി. “എന്താപ്പേര്?” പലരും ചോദിച്ചു. “ഗൗരിയമ്മ" “എവിടെന്നാ? എന്താ ഇങ്ങനെ കരയുന്നെ. മക്കൾ സ്വത്തുകൾ പിടിച്ചെടുത്തതാണോ?

അവർ പറഞ്ഞു "ഇല്ല". "പിന്നെന്താ?". അമ്മയ്ക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല. പെട്ടെന്ന് അവർ പൊട്ടിക്കരഞ്ഞു. "ഞാൻ മീനക്കുട്ടിയമ്മ. എന്നെ മീന എന്നാ എല്ലാവരും വിളിക്കുന്നത് . നീയും എന്നെ അങ്ങനെ വിളിച്ചോളു. നീ കരയണ്ട. എല്ലാമക്കളും ഇങ്ങനെയാ. കണ്ടില്ലേ, നീ നിന്നെപ്പോലെ മനസ്സുതകർന്നവരാ ഇവിടെ ഉള്ളത്.എല്ലാം ശരിയാകും. ഇപ്പോൾ ഇവിടെ ആരും കരയുന്നവരില്ല. നീയും വേഗം പെട്ടെന്ന് കരച്ചിൽ നിർത്തി കരയാതിരിക്കാൻ നോക്ക്." എല്ലാവരും അമ്മയുടെ അരികിലിരുന്ന് സാന്ത്വനിപ്പിച്ചു. അമ്മ ഒറ്റക്കായി. എല്ലാവരും തൻെറ ഇടങ്ങളിലേക്ക് പോയി. അമ്മ ജനലിൽ ചാരിയിരുന്ന് പുറത്തോട്ട് നോക്കി. പുറത്തുരണ്ട് കുരുവികൾ കൂട്ടിലിരിക്കുന്നത് കണ്ടു. അവയെ അമ്മ കുറേനേരം നോക്കിയിരുന്നു. പിന്നീട് അമ്മ തൻെറ ഓർമ്മകളിലേക്ക് ആഴ്ന്നിറങ്ങി. മകനെ താലോലിപ്പിച്ചതും വളർത്തിയതുമൊക്കെ. അങ്ങനെ സമയം പോയതറിഞ്ഞില്ല. അമ്മ പതിയെ പതിയെ ഉറക്കത്തിലേക്ക് വഴുതിവീണു. അവരുടെ കണ്ണുകൾ അവർ പതിയെ അടച്ചു. കണ്ണുനീർ പൊഴിഞ്ഞു തുള്ളികളായി.

---

# ക്രിക്കറ്റ് ദൈവം

ജയശങ്കർ
IX.A






സച്ചിൻ തെണ്ടുൽക്കർ എന്ന നാമത്തിന് ഒരുപാട് നല്ല അർത്ഥങ്ങളുണ്ട്. ക്രിക്കറ്റിന് വളരെ വലിയ സംഭാവന നൽകിയ വ്യക്തിയാണ് സച്ചിൻ. 11-ാം വയസ്സു മുതൽ 3 അടി നീളമുള്ള ബാറ്റ് പിടിക്കാൻ തുടങ്ങിയ സച്ചിൻ ഈ ചെറിയ കാലഘട്ടത്തിനുള്ളിൽ ക്രിക്കറ്റിന് നൽകിയ സംഭാവനകൾ മറ്റാർക്കും തകർത്തെറിയാൻ കഴിയാത്തതാണ്. ഏത് ക്രിക്കറ്ററും കണ്ടു പഠിക്കേണ്ട മാതൃക കൂടിയാണ് സച്ചിൻ. നല്ല വ്യക്തിത്വം കാത്തു സൂക്ഷിക്കുന്ന ഒരാളാണ് സച്ചിൻ. 24 വർഷത്തെ ക്രിക്കറ്റ് ജീവിതത്തിൽ ഇതുവരെയും ഒരു ദുഷ്പേരും സച്ചിൻ വരുത്തിയിട്ടല്ല.




റെക്കോഡുകൾ വാരിക്കൂട്ടിയതുപോലെ സച്ചിൻ ക്രിക്കറ്റ് പ്രേമികളുടെ സ്നേഹവും വാരിക്കൂട്ടി. ക്രിക്കറ്റില്ലാത്ത സച്ചിനെയും സച്ചിനില്ലാത്ത ക്രിക്കറ്റിനെയും ക്രിക്കറ്റ് പ്രേമികൾക്ക് വിശ്വസിക്കാനായിട്ടില്ല. മൂന്നടി

ബാറ്റിനാൽ ലോകത്തെ ജയിപ്പിച്ച , മറ്റാർക്കും സമാനമല്ലാത്ത ഇതിഹാസം തന്നെയാണ് അദ്ദേഹം. നിഷ്കളങ്കമായ ചിരിയോടെ ലോകത്തിൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ട ദൈവം. അതേ ചിരിയോടെ ക്രീസിൽ നിന്ന് വിടവാങ്ങി...

**എന്റെ സൂപ്പർഹീറോ എല്ലായ്പ്പോഴും ടെൻഡുൽക്കറാണ്, അത് ജീവിതത്തിന് ടെൻഡുൽക്കറായിരിക്കും**

**- വിരാട് കൊഹ് ലി**

**(ഇന്ത്യൻ ക്രിക്കറ്റ് ക്യാപ്റ്റൻ)**

# കവികളും വിശേഷണങ്ങളും

ലിയ.ജെ
IX.A

1. ശക്തിയുടെ കവി- ഇടശ്ശേരി
2. കാച്ചിക്കുറുക്കിയ കവിതകളുടെ കർത്താവ്- വൈലോപ്പിള്ളി
3. ഉജ്ജ്വലശബ്ദാഢൻ- ഉള്ളൂർ
4. ശബ്ദസുന്ദരൻ- വള്ളത്തോൾ
5. വാക്കുകളുടെ മഹാബലി- പി. കുഞ്ഞിരാമൻനായർ
6. മാതൃത്ത്വത്തിന്റെ കവിയത്രി- ബാലാമണിയമ്മ
7. മൃത്യുബോധത്തിന്റെ കവി- ജി. ശങ്കരക്കുറുപ്പ്
8. ആശയഗംഭീരൻ- കുമാരനാശാൻ
9. ജനകീയ കവി- കുഞ്ചൻ നമ്പ്യാർ
10. ഭാഷയുടെ പിതാവ്- തുഞ്ചത്ത് എഴുത്തച്ഛൻ
11. ബേപ്പൂർ സുൽത്താൻ- മുഹമ്മദ് ബഷീർ
12. കേരള തുളസീദാസൻ- വെണ്ണിക്കുളം
13. മലയാളത്തിലെ ഓർഫ്യൂസ്- ചങ്ങമ്പുഴ
14. കേരള സ്കോട്ട്- സി.വി.രാമൻപിള്ള

# പൂവത്തൂർ

ഗിരിധർ.ജി.എസ്
IX.A




നെടുമങ്ങാട് നഗരസഭയുടെ വടക്കുഭാഗത്തായിട്ടാണ് പൂവത്തൂർ സ്ഥിതിചെയ്യുന്നത്. മലകളും പുഴകളും പാറക്കെട്ടുകളും വയലേലയും ഒക്കെ നിറഞ്ഞ പ്രകൃതിരമണീയമായ ഒന്നാണ് പൂവത്തൂർ ഗ്രാമം. കാർഷികവിളകൾക്ക് പ്രസിദ്ധികേട്ട ഒരു ഗ്രാമമായിരുന്നു പൂവത്തൂർ. നിലംകൃഷി ചെയ്യുന്ന വയലേലകൾ സമൃദ്ധമായിരുന്നു ഈ നാട്.

ഒരു പൂകൃഷിക്ക് പത്തുമേനി നെല്ല് വിളയുന്നതുകൊണ്ടാണ് ' പൂ പത്ത് ഊര് ' എന്ന് പറഞ്ഞ് അത് ലോപിച്ച് പൂവത്തൂരായി മാറി എന്നാണ് ഐതീഹ്യം.




വേടരുകോണം , അണമുഖം എന്നിവിടങ്ങളിൽ നിന്നും ഉത്ഭവിച്ച് ഒന്നായി പൂവത്തൂർ തോട് എന്ന പേരിൽ ഒഴുകി കിള്ളിയാറിൽ ചേരുന്ന പൂവത്തൂർ തോട് ഒരുനാൾ കാർഷികവിളകൾക്ക് ജലം ലഭ്യമാക്കുന്ന വളരെയേറെ പ്രയോജനപ്പെട്ടിരുന്ന ഒന്നാണ്. ആരാധനാലയങ്ങളിൽ പ്രസിദ്ധമായത് പൂവത്തൂർ മാങ്കോട് മഹാവിഷ്ണു ക്ഷേത്രമാണ്. ഒട്ടേറെ സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ, കലാ, സാഹിത്യ രംഗങ്ങളിലെ ജന്മം നൽകിയ നാടാണ് പൂവത്തൂർ...

# വായനാശീലം  കുട്ടികളിൽ

നവനീത്

IX.A



'കൈയിൽ ഒരു വാളും പോക്കറ്റിൽ ഹോമറുടെ പുസ്തകവുമുണ്ടെങ്കിൽ ഞാനെൻെറ വഴി വെട്ടിത്തെളിക്കും .' എന്ന നെപ്പോളിയൻെറ വാക്കുകൾ വായനയുടെ ശക്തി ധ്വനിപ്പിക്കുന്നു. വായന മനസ്സിൻെറ ഭക്ഷണമാണ്. മനസ്സിൻെറ ശരിയായ വളർച്ചയക്കും നിലനിൽപ്പിനും



ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് വായനാശീലം. ഗ്രന്ഥങ്ങളെ കെടാവിളക്കുമായി ഉപമിക്കാറുണ്ട്. കെടാവിളക്ക് പേരുപോലെതന്നെ കെടുന്നതല്ല . സദാ വെളിച്ചം തൂവി അജ്ഞാനാന്ധകാരത്തെ മാറ്റുന്നതു കൊണ്ടാവാം ഉത്തമഗ്രന്ഥങ്ങളെ വിജ്ഞാനികൾ കെടാവിളക്കിനോട് സാദൃശ്യപ്പെടുത്തുന്നത്. ഉത്തമഗ്രന്ഥങ്ങൾ മാനവ സംസ്കാരത്തിൻെറ കാഞ്ചനകുടങ്ങളാണ്. അത് വായിക്കുന്നവരിൽ മഹത്ത്വപ്പൂർണ്ണമായ ആത്മസംസ്കാരമാണ്

സംഭവിക്കുന്നത്. ഓരോ വ്യക്തിയുടെയും സ്വഭാവരൂപവത്കരണത്തെ ഏറെ സഹായിക്കുന്നത് നല്ല വായനയാണ്. ഉത്തമ ജീവിതം നയിക്കാൻ ഒരാളെ പ്രാപ്തനാക്കുന്നത് വായന തന്നെ. 'പുസ്തകങ്ങളിലൂടെ വളരാത്തവൻ വെറും മൃഗമാണ്' എന്നെഴുതിക്കൊണ്ട് ഷേക്സ്പീയർ വായനയുടെ മാഹാത്മ്യമാണ് വിളിച്ചു പറയുന്നത്. വായിച്ചു തള്ളാതെ വായിച്ചു കൊള്ളാനാണ് നാം തുനിയേണ്ടത്.

**സംസ്കാരമുള്ള ഒരു ജനത വളരാൻ നല്ല വായനാശീലമാണ് കുട്ടികളിൽ ഉണർത്തേണ്ടത്...**

# Quotes of famous people

Nandana.S.S
IX.A




- There are two ways of spreading light to be the candle or the mirror that are reflects it.

  - Edith Wharton

- There is nothing on the earth more to be prized than true friendship.

  - Thomas Aquinas






- Spread love everywhere you go. Let no one ever come to you without leaving happier.

  - Mother Teresa

- Let us sacrifice our today so that our children can have a better tomorrow

  - Dr.A.P.J.Abdul Kalam



- Think in the Morning, Act in the noon, Eat in the Evening, Sleep in the night.

  - William Blake




- No act of kindness, no matter how small, is ever waster.

  - Aesop

- Keep your face always to wards the sunshine and shadows will falls behind you.

  - Walt Whitman




- Honest is the first chapter in the book of wisdom

  -Thomas Jefferson

- The journey of  a thousand miles begins with one step.

  - Leo Tzu



# Quotes about Friendship

Akhil Ajith Panikar
IX.A



“A real friend is one who walks in when rest of the world walks out.”
– **Walter Winchell**

“If you live to be 100, I hope I live to be 100 minus 1 day, so I never have to live without you.”
– **Winnie the Pooh**



“I like to listen. I have learned a great deal from listening carefully. Most people never listen.”
– **Ernest Hemingway**

“Friendship is born at that moment when one person says to another, ‘What! You too? I thought I was the only one.”
– **C.S. Lewis**

“True friendship comes when the silence between two people is comfortable.”
– **David Tyson**

“Sweet is the memory of distant friends! Like the mellow rays of the departing sun, it falls tenderly, yet sadly, on the heart.”
– **Washington Irving**

“There’s not a word yet for old friends who’ve just met.”
**– Jim Henson**




“A single rose can be my garden… a single friend, my world.”
**– Leo Buscaglia**

“Don’t make friends who are comfortable to be with. Make friends who will force you to lever yourself up.”
**– Thomas J. Watson**

“Friendship is born at that moment when one person says to another, ‘What! You too? I thought I was the only one.”
**– C.S. Lewis**

“Nothing makes the earth seem so spacious as to have friends at a distance; they make the latitudes and longitudes.”
**-Henry David Thoreau**

“I would rather walk with a friend in the dark, than alone in the light.” **-Helen Keller**

“Friendship is the hardest thing in the world to explain. It’s not something you learn in school. But if you haven’t learned the meaning of friendship, you really haven’t learned anything.” **- Muhammad Ali**



# Time and Tide wait for no one

Manjima.M.M
IX.A

Time is very valuable in our life. Sometimes we feel time goes specially. Our life is very short in front of time. Chances in life do not not wait for a particular man. We should make use of the chance which came to us in our day to day life. Tides help the ship to reach ports. So ships wait for tides. Some in the same case of time. It does not wait for a particular man. So it is precious. Who can say about tomorrow? Tomorrow will be favourable or unfavourable. But today is our day. Do our work today in time.

# Trees for life

Akshaja. A. B
IX.A



We should understand the importance of trees in lives do our best to save them and consequently save the earth. Here are some facts of serious concern that show how essential it is to act now...



- Agriculture is the leading cause of deforestation. Even if the agricultural land is given back to nature, it has lost the biodiversity that once lived on it.

- A tree produces 260 pounds of oxygen in a year. Also in a year a free can absorb as a much Carbon Dioxide produced by a car driving 26,000 miles. Research shows that 15.3 billion trees are cut down every year.

- One and half acres of forest is deforested every second.
- Referred to as the 'Lungs of the earth' the amazon rainforest has been reduced to 20 percent of its original size over the last 40 years.




- It has been found that loss of trees is connected to higher death rates in human beings.

PLANT TREES, SAVE LIFE

SAVE EARTH...

# When Nature Beckons

Arathy Anil
IX.A



If you listen closely,
You can hear nature talk
It's beautiful waters
flow as waterfalls.

You can hear birds chirping
Joined by frogs croaking.
All this can be seen in the rainforest
And a trip to a forest is a must.

The rainforest has it's own magic
It's nature's secret.
After a visit to the forest,
you'|| forget your days in your in the mall.

Thank You